# പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2146** — **15/07/2011-ൽ മറുപടിക്ക്**

## 2011-2012 അധ്യയന വർഷത്തിൽ മാറ്റം വരുത്തിയ പാഠപുസ്തകങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് :<br>" കോവൂർ കുഞ്ഞുമോൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2011-2012 വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഏതൊക്കെ ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് മാറ്റം വരുത്തിയത്; | എ) | 2011-2012 അധ്യയന വർഷത്തിൽ 9-ാം ക്ലാസിലെ ഇൻഫർമേഷൻ ടെക്നോളജിയും ,10-ാം ക്ലാസിലെ ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള എല്ലാ പാഠപുസ്തകങ്ങളുമാണ് മാറ്റം വരുത്തിയത്. |
| ബി) | അടുത്ത അധ്യയന വർഷത്തിൽ ഏതൊക്കെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | അടുത്ത അധ്യയന വർഷം പത്താംക്ലാസിലെ ഐ.ടി. പാഠപുസ്തകം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇതേവരെ പൂർത്തിയാക്കാൻ കഴിയാതെപോയ ഫിഷറീസ് സ്കൂൾ, ടെക്നിക്കൽ ഹൈസ്കൂൾ, കേരള കലാമണ്ഡലം എന്നിവയുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിക്കാനും ഉദ്ദേശമുണ്ട്. |
| (സി) | പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തുന്നതിന് നിലവിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) | കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |
| ഡി) | സ്കൂൾ തുറന്ന് ആഴ്ചകൾ പിന്നിട്ടിട്ടും പുതിയ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് പുതിയ പാഠപുസ്തകങ്ങൾ മുഴുവൻ വളരെ നേരത്തെ തന്നെ തയ്യാറാക്കി അച്ചടിച്ചിരുന്നു. സ്കൂൾ തുറന്നപ്പോൾ തന്നെ മിക്ക കുട്ടികൾക്കും പുതിയ പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും വരും വർഷങ്ങളിൽ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കുവാൻ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ